(എ) ട്രഷറി വകുപ്പിലെ ട്രഷറർമാരുടെ എണ്ണം കൂടി കണക്കിലെടുത്ത് സൂപ്പർവൈസറി തസ്തികകൾ അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ട്രഷറി വകുപ്പിലെ ട്രഷറർമാരുടെ എണ്ണം കൂടി കണക്കിലെടുത്ത് സൂപ്പർവൈസറി തസ്തികകൾ സൃഷ്ടിക്കുവാൻ അംഗീകാരം നൽകിക്കൊണ്ടുള്ള ഉത്തരവ് 4.12.98 ൽ ജി.ഒ. (എം.എസ്) നമ്പർ 3065/98/ഫിൻ പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്.

(ബി) ടി ഉത്തരവുപ്രകാരം പുതിയതായി സൃഷ്ടിക്കേണ്ട 19 ജൂനിയർ സൂപ്രണ്ടുമാരുടെ തസ്തികകൾ 4335/എസ്റ്റാ.സി1/99 ധന എന്ന ഫയലിൽ ഗവണ്മെന്റ് പരിശോധിച്ചു വരികയാണ്.

31 (1072) കോഴിക്കോട് മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് സബ്ട്രഷറി

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് ഒരു സബ്ട്രഷറി വേണമെന്ന ആവശ്യത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) സബ്ട്രഷറി തുടങ്ങാനാവശ്യമായ സ്ഥലം നൽകാൻ തയ്യാറാണെന്ന് മെഡിക്കൽ കോളേജധികാരികൾ ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് കേന്ദ്രമാക്കി ഒരു സബ് ട്രഷറി സ്ഥാപിക്കാൻ തൽക്കാലം നിർവാഹമില്ല.

(ബി) ചോദ്യം എ' യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

32 (1073) പയ്യോളിയിൽ സബ്ട്രഷറി സ്ഥാപിക്കുവാൻ നടപടി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കിലെ പയ്യോളിയിൽ പുതുതായി ഒരു സബ്ട്രഷറി സ്ഥാപിക്കുവാൻ സർക്കാർ നടപടിയെടുക്കുമോ;

(ബി) നിരവധി സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളുള്ള മേലടിയിൽ ട്രഷറി അനുവദിക്കണമെന്ന ആവശ്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ സർവേ നടത്തി ഒരു ട്രഷറി സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) തൽക്കാലം നിർവാഹമില്ല.

(ബി) ഉണ്ട്.

(സി) ട്രഷറി കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായ ശേഷം ഇതേക്കുറിച്ച് ആലോചിക്കാവുന്നതാണ്.

33 (1074) കേരളത്തിലെ ട്രഷറികൾ

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സബ്ട്രഷറികളും എത്ര വൺമാൻ ട്രഷറികളും പ്രവർത്തിക്കുന്നുണ്ട്;

(ബി) കേരളത്തിലെ ട്രഷറികൾ എല്ലാം കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി ട്രഷറി സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ വൺമാൻ ട്രഷറിയോ മിനിട്രഷറിയോ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ 162 സബ്ട്രഷറികളും 17 വൺമാൻ ട്രഷറികളും പ്രവർത്തിക്കുന്നുണ്ട്.

(ബി) കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി പുതിയ ഏകാംഗ ട്രഷറികൾ അനുവദിക്കേണ്ടതില്ലെന്ന് സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകുന്നതോടുകൂടി ട്രഷറി സൗകര്യം എല്ലായിടത്തും ലഭ്യമാകും.

34 (1075) പൊതുമേഖലാ സ്ഥാപനങ്ങൾ ട്രഷറികളിൽ നിക്ഷേപിച്ച തുക

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി, കെ.എസ്.ആർ.ടി.സി, വാട്ടർ അതോറിറ്റി, വിവിധ തൊഴിലാളി ക്ഷേമനിധികൾ, മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ഓരോ വർഷവും എന്തു തുക വീതം പബ്ലിക് ഡെബ്റ്റ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്;

(ബി) ഈ സ്ഥാപനങ്ങൾ ഇതേ കാലയളവിൽ എന്തു തുകവീതം സേവിംഗ്സ് ബാങ്ക് അക്കൗണ്ട്, ഫിക്സ്ഡ് ഡെപ്പോസിറ്റ്, കറണ്ട് അക്കൗണ്ട് എന്നീ അക്കൗണ്ടുകളിൽ സംസ്ഥാനത്തുള്ള ഗവണ്മെന്റ് ട്രഷറികളിൽ നിക്ഷേപിച്ചിട്ടുണ്ട്;

(സി) ഇത്തരം നിക്ഷേപത്തിനോരോന്നിനും ഈ കാലയളവിൽ ഇതുവരെ കൊടുത്ത പലിശയെത്രയെന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly